**4**

.	യേശുനാഥാ നിൻ കൃപയ്ക്കായ് സ്തോത്രമെന്നേക്കും
ഈശനെ നിൻ ധാമമെന്റെ ക്ലേശമകറ്റും

1 നാശമയനായൊരെന്നിൽ ജീവനരുളാൻ-വൻ
ക്രൂശിനെ സഹിച്ചപമാനം വഹിച്ചൊരു

2 പാവനമാം നീതിയിൽ ഞാനെന്നുമിരിപ്പാൻ-നിന്റെ
ജീവനിലൊ-രംശമെനിക്കേകിയതിനാൽ

3 നിൻഹൃദയം തന്നിലെന്നെ മുൻകുറിച്ചൊരു
വൻകരുണ-യ്ക്കിന്നുമിവന്നർഹതയില്ലേ-

4 തൻജഡ ശരീര മരണം നിമിത്തം നീ- നിൻ
പിതാവോടെന്നെ നിരപ്പിച്ചതുമൂലം

5 എത്രകാലം നിൻ കൃപയെവ്യർത്ഥമാക്കി ഞാ-
നത്രനാളുമന്ധകാരം തന്നിലിരുന്നേൻ

6 ജീവലതയായ നിന്നിൽ ഞാൻ നിലനിൽപ്പാൻ -നിന്റെ
ജീവരസമെന്നിലെന്നും തന്നുപാലിക്ക

7 വിശ്രമദേശത്തിലീ ഞാനെത്തുംവരെക്കും - നിന്റെ
വിശ്രുതകൃപകളെന്നെ പിന്തുടരേണം

**K.V.S**